"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യ-കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നം.80ൽ സർവ്വെ നം. 3/8ൽ പ്പെട്ട 17.50 സെന്റ് സർക്കാർ ഇടവഴി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാലാ സെന്റ് തോമസ് കോളേജിന് ഇന്റഗ്രേറ്റഡ് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി പതിച്ച് നല്കുന്നതിന് അനുമതി നല്കി പുറപ്പെടുവിച്ച 15.09.15ലെ സ.ഉ(കൈ) നം.452/15/റവന്യ നമ്പർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് പുറപ്പെടുവിച്ച 14.08.2020 ലെ സ.ഉ(കൈ)നം.199/2020/റവ നമ്പർ ഉത്തരവ്, 516/2023 നമ്പർ റിട്ട് അപ്പീലിലെ ബഹ.ഹൈക്കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.118/2023/RD തീയതി,തിരുവനന്തപുരം, 25-05-2023

---

പരാമർശം:-

1. 15.09.15ലെ സ.ഉ (കൈ)നം.452/15/റവന്യൂ
2. WP(C) 33335/2018 നമ്പർ കേസിലെ 18.03.2019ലെ ബഹ ഹൈക്കോടതി വിധിന്യായം .
3. ആർ.പി നം.1144/2019 നമ്പർ കേസിലെ ബഹ.ഹൈക്കോടതിയുടെ 10.03.2020ലെ ഉത്തരവ് .
4. 14.08.2020 ലെ സ.ഉ(കൈ)നം.199/2020/റവ
5. WP(C) 19818/2020 നമ്പർ കേസിലെ 11/11/21 ലെ ബഹ ഹൈക്കോടതി വിധിന്യായം .
6. സീനിയർ ഗവൺമെന്റ് പ്ലീഡറുടെ 24.03.2023ലെ AAG-KPJ/WA516/2023/H2 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നം.80ൽ സർവ്വെ നം. 3/8ൽ പ്പെട്ട 17.50 സെന്റ് സർക്കാർ ഇടവഴി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാലാ സെന്റ് തോമസ് കോളേജിന് ഇന്റഗ്രേറ്റഡ് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി സെന്റ് തോമസ് കോളേജ് മാനേജർ പേരിൽ സൗജന്യമായി പതിച്ച് നല്കുന്നതിന് ജില്ല കളക്ടർക്ക് അനുമതി നല്കിക്കൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

2) ടി ഭൂമി പുനർനിക്ഷിപ്തമാക്കി പതിച്ചു നൽകുന്നതിന് നഗരസഭാധികൃതർ നിരാക്ഷേപ പത്രം ലഭ്യമാക്കാഞ്ഞതിനാൽ ടി ഭൂമി കോളേജിന് പതിച്ചു നൽകുകയുണ്ടായില്ല. 15.09.15ലെ ഉത്തരവ് നടപ്പിലാക്കുവാൻ കാലതാമസം നേരിട്ട സാഹചര്യത്തിൽ പാല സെന്റ് തോമസ് കോളേജ് അധികൃതർ ബഹ.ഹൈക്കോടതി മുമ്പാകെ WP(C) 33335/2018 നമ്പർ കേസ് ഫയൽ



Generated from eOffice by KUMARI SINDHU S, SO (M) REV, SO (M) REV, RD on 29/05/2023 11:18 AM

ചെയ്യുകയും, പ്രസ്തുത കേസിലെ പരാമർശം (2) വിധിന്യായത്തിൽ മുൻസിപ്പൽ അധികൃതരിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതില്ലെന്നും 2 മാസത്തിനകം കക്ഷികൾക്ക് പട്ടയം നൽകണമെന്നും ബഹു.ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

3) മുൻസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ ഭൂമി പതിച്ചു നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം തേടുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ടി ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിരുന്നില്ല. ധനകാര്യ വകുപ്പിന്റെ അഭിപ്രായവും ഇക്കാര്യത്തിൽ തേടിയിരുന്നില്ല. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഭൂമി പതിച്ചു നൽകുന്നതിന് 27.7.2011ലെ G.O.(Ms). No. 280/2011/RD പ്രകാരം വ്യവസ്ഥയില്ല. ടി സാഹചര്യത്തിൽ നടപടി ക്രമങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ച പരാമർശം(1)ലെ ഉത്തരവ് പുന:പരിശോധിക്കുവാൻ സർക്കാർ തീരുമാനിക്കുകയും ടി വിവരം ചൂണ്ടിക്കാട്ടി റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. പ്രസ്തുത ആർ.പി നം.1144/2019 നമ്പർ കേസിൽ ബഹു.ഹൈക്കോടതി പരാമർശം(3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, 18.3.2019ലെ വിധിന്യായത്തിൽ അപാകതയുണ്ടെന്ന് കാണുന്നില്ലെന്നും 15.9.2015ലെ ഉത്തരവ് പുന:പരിശോധിക്കുവാൻ ബഹു.കോടതിയുടെ അനുമതി ആവശ്യമില്ലെന്നും എന്നാൽ ടി വിവരം ബഹു. കോടതിയെ അറിയിച്ച ശേഷം പുന:പരിശോധിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു.

4) തുടർന്ന്, നടപടിക്രമങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ച പരാമർശം (1)ലെ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് പരാമർശം(4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ ടി ഭൂമി പാലാ സെന്റ്.തോമസ് കോളേജിന് ആവശ്യമെങ്കിൽ പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപോസൽ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

5) പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരായി പാലാ സെന്റ്.തോമസ് കോളേജ് മാനേജർ ബഹു. ഹൈക്കോടതി മുൻപാകെ WP(C) 19818/2020 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, നടപടിക്രമങ്ങൾ പാലിക്കാതെയാണ് പരാമർശം (1) ലെ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് കരുതുന്നതിനുള്ള യുക്തമായ കാരണങ്ങൾ വ്യക്തമാക്കാതെയാണ് പരാമർശം (4) ലെ ഉത്തരവ് പുറപ്പെടുവിച്ചതെന്നും ടി വസ്തു പതിച്ചു നൽകുന്നതിൽ പാല മുൻസിപ്പാലിറ്റിക്ക് എതിർപ്പില്ലെന്ന് സ്റ്റാൻഡിംഗ് കൗൺസൽ അറിയിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടി പരാമർശം (4)ലെ ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി.

6) തുടർന്ന്, ഈ വിഷയത്തിൽ ബഹു. ഹൈക്കോടതി മുമ്പാകെ WA516/2023നമ്പറായി അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി

7) എന്നാൽ, WA516/2023നമ്പർ അപ്പീൽ പരിഗണിക്കുന്ന വേളയിൽ, ബഹു.സുപ്രീം കോടതിയുടെ Mohinder Singh Gill Vs Chief Election Commissioner കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4)ലെ സർക്കാർ ഉത്തരവിന്റെ സാധുത സംബന്ധിച്ച് ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിരീക്ഷണം നടത്തിയിട്ടുള്ളതായും മേൽ പരാമർശിച്ച ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം (4)ലെ ഉത്തരവ് പിൻവലിക്കുവാൻ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിർദ്ദേശിച്ചതായും പരാമർശം (4)ലെ ഉത്തരവ് പിൻവലിച്ച ശേഷം പെറ്റീഷണർക്ക് അവസരം നൽകി ഈ വിഷയം പുതിയതായി



Generated from eOffice by KUMARI SINDHU S, SO (M) REV, SO (M) REV, RD on 29/05/2023 11:18 AM

സർക്കാരിന് പരിഗണിക്കാമെന്നും പരാമർശം (6) പ്രകാരം സീനിയർ ഗവൺമെന്റ് പ്ളീഡർ അറിയിച്ചിരുന്നു.

9) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നം. 80ൽ സർവ്വെ നം. 3/8ൽ പ്പെട്ട 17.50 സെന്റ് സർക്കാർ ഇടവഴി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാലാ സെന്റ് തോമസ് കോളേജിന് ഇന്റഗ്രേറ്റഡ് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി സെന്റ് തോമസ് കോളേജ് മാനേജർ പേരിൽ സൗജന്യമായി പതിച്ച് നല്കുന്നതിന് ജില്ല കളക്ടർക്ക് അനുമതി നല്കി പുറപ്പെടുവിച്ച പരാമർശം(1) ലെ ഉത്തരവ് നടപടിക്രമങ്ങൾ പാലിക്കാതെയാണ് പുറപ്പെടുവിച്ചത് എന്ന കാരണത്താൽ റദ്ദു ചെയ്തുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (4) ലെ ഉത്തരവ്, 516/2023 നമ്പർ റിട്ട് അപ്പീലിലെ ബഹു. ഹൈക്കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മാനേജർ, സെന്റ് തോമസ് കോളേജ്, പാല.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്) തിരുവനന്തപുരം
തഹസിൽദാർ, മീനച്ചിൽ.
നിയമ (ഉപദേശ ജി) വകുപ്പ് (G2/1/2022/Law പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (24.05.2023ലെ ഇനം നമ്പർ 1538 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
സെക്ഷൻ ഓഫീസർ
Date: 26-05-2023 16:38:23

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്
അണ്ടർ സെക്രട്ടറിക്ക്



Generated from eOffice by KUMARI SINDHU S, SO (M) REV, SO (M) REV, RD on 29/05/2023 11:18 AM

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-05-2023

ഫയൽ നം. എം2/56/2022/റവ. ഇനം നം: 1538

വിഷയം : റവന്യൂ വകുപ്പ് - 14.08.2020-ലെ സ.ഉ.(കൈ) 199/2020/റവ. ഉത്തരവ് റദ്ദു ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

24/05

1538

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം2/56/2022 - റവ. |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | 14/08/2020 -ലെ സ.ഉ.(കൈ) 199/2020/റവ ഉത്തരവ് റദ്ദു ചെയ്യുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 04.05.2023 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>( നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. എം.ജി. രഞ്ജിത് കുമാർ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 16.05.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.05.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17.05.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.05.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നം.80 ൽ സർവ്വെ നം. 3/8 ൽ പ്പെട്ട 17.50 സെന്റ് സർക്കാർ ഇടവഴി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാലാ സെന്റ് തോമസ് കോളേജിന് ഇന്റഗ്രേറ്റഡ് സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി സെന്റ് തോമസ് കോളേജ് മാനേജർ പേരിൽ സൗജന്യമായി പതിച്ച് നല്കുന്നതിന് ജില്ല കളക്ടർക്ക് അനുമതി നല്കി കൊണ്ട് പുറപ്പെടുവിച്ച 15.09.15 ലെ സ.ഉ (കൈ) നം.452/15/റവന്യൂ നം.ഉത്തരവ് നടപടിക്രമങ്ങൾ പാലിക്കാതെയാണ് പുറപ്പെടുവിച്ചത് എന്ന കാരണത്താൽ ടി ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് മന്ത്രിസഭയുടെ അനുമതിയോടെ പുറപ്പെടുവിച്ച 14.08.2020 ലെ GO (Ms) No. 199/2020/RD നം. ഉത്തരവ് WA 516/2023 നമ്പർ റിട്ട് അപ്പീലിലെ ബഹു.ഹൈക്കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്യുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്

2) കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നം.80 ൽ സർവ്വെ നം. 3/8 ൽ പ്പെട്ട 17.50 സെന്റ് സർക്കാർ ഇടവഴി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാലാ സെന്റ് തോമസ് കോളേജിന് ഇന്റഗ്രേറ്റഡ് സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി സെന്റ് തോമസ് കോളേജ് മാനേജർ പേരിൽ സൗജന്യമായി പതിച്ച് നല്കുന്നതിന് ജില്ല കളക്ടർക്ക് അനുമതി നല്കി കൊണ്ട് 15.09.15 ൽ സ.ഉ (കൈ) നം.452/15/റവന്യൂ പ്രകാരം ഉത്തരവായിരുന്നു.

3) ടി ഭൂമി പുനർനിക്ഷിപ്തമാക്കി പതിച്ച നൽകുന്നതിന് നഗരസഭാധികൃതർ നിരാക്ഷേപ പത്രം ലഭ്യമാക്കാഞ്ഞതിനാൽ ടി ഭൂമി കോളേജിന് പതിച്ച നൽകുകയുണ്ടായില്ല. 15.09.15 ലെ ഉത്തരവ് നടപ്പിലാക്കുവാൻ കാലതാമസം നേരിട്ട സാഹചര്യത്തിൽ പാല സെന്റ് തോമസ് കോളേജ് ബഹു.ഹൈക്കോടതി മുമ്പാകെ WP(C) 33335/2018 നമ്പർ കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിന്റെ 18.03.2019 ലെ വിധിന്യായത്തിൽ മുൻസിപ്പൽ അധികൃതരിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതില്ലെന്നും 2 മാസത്തിനകം കക്ഷികൾക്ക് പട്ടയം നൽകണമെന്നും ബഹു.ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

4) മുൻസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ ഭൂമി പതിച്ച നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം തേടുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ടി ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിരുന്നില്ല. ധനകാര്യ വകുപ്പിന്റെ അഭിപ്രായവും ഇക്കാര്യത്തിൽ തേടിയിരുന്നില്ല. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഭൂമി പതിച്ച നൽകുന്നതിന് 27.7.2011 ലെ G.O.(Ms). No. 280/2011/RD പ്രകാരം വ്യവസ്ഥയില്ല. ടി സാഹചര്യത്തിൽ നടപടി ക്രമങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ച 15.09.15 ലെ സ.ഉ (കൈ) നം.452/15/റവന്യൂ നമ്പർ ഉത്തരവ് പുന:പരിശോധിക്കുവാൻ സർക്കാർ തീരുമാനിക്കുകയും ടി വിവരം ചൂണ്ടിക്കാട്ടി റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. പ്രസ്തുത ആർ.പി നം.1144/2019 കേസിൽ ബഹു.ഹൈക്കോടതി 10.03.2020 ൽ പുറപ്പെടുവിച്ച ഉത്തരവിൽ 18.3.2019 ലെ വിധിന്യായത്തിൽ അപാകതയുണ്ടെന്ന് കാണുന്നില്ലെന്നും 15.9.2015 ലെ ഉത്തരവ് പുന:പരിശോധിക്കുവാൻ കോടതിയുടെ അനുമതി

ആവശ്യമില്ലെന്നും എന്നാൽ ടി വിവരം കോടതിയെ അറിയിച്ച ശേഷം പുന:പരിശോധിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു.

5) തുടർന്ന്, നടപടിക്രമങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ച 15.9.2015 ലെ ഉത്തരവ് മന്ത്രിസഭയുടെ അനുമതിയോടെ റദ്ദ് ചെയ്ത് 14.08.2020 ൽ GO(Ms)No. 199/2020/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ ടി ഭൂമി പാലാ സെന്റ്.തോമസ് കോളേജിന് ആവശ്യമെങ്കിൽ പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപോസൽ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

6) 14.08.2020 ലെ GO (Ms) No. 199/2020/RD ഉത്തരവിനെതിരായി പാലാ സെന്റ്.തോമസ് കോളേജ് മാനേജർ ബഹു. ഹൈക്കോടതി മുൻപാകെ WP(C) 19818/2020 ഫയൽ ചെയ്യുകയുണ്ടായി. മുനിസിപ്പാലിറ്റി ആക്ട് പ്രകാരമോ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമോ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പുനഃപരിശോധിക്കുന്നതിനു സർക്കാരിന് അധികാരമില്ല എന്നും 14.08.2020 ലെ GO (Ms)No. 199/2020/RD ഉത്തരവ് speaking order അല്ല എന്നും 15/9/2015 - ലെ സ . ഉ (കൈ) നം .452/2015/റവ നമ്പർ ഉത്തരവ് റദ്ദ് ചെയ്യുന്നതിനു മതിയായ കാരണങ്ങൾ ഒന്നും ചൂണ്ടിക്കാണിക്കാതെയാണ് ടി ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ളതെന്നും ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപായി പരാതിക്കാരെ നേരിൽ കേട്ടില്ല എന്നും ഉള്ള കാരണങ്ങളാൽ 14.08.2020 ലെ ഉത്തരവ് റദ്ദ് ചെയ്യണം എന്നുമാണ് പ്രസ്തുത WP (C ) യിൽ ആവശ്യപ്പെട്ടത്.

7) പ്രസ്തുത കേസിലെ 11.11.2021 ലെ വിധിന്യായത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് 15/9/2015 ലെ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് കരുതുന്നതിനുള്ള യുക്തമായ കാരണങ്ങൾ വ്യക്തമാക്കാതെയാണ് 14.08.2020 ലെ ഉത്തരവ് പുറപ്പെടുവിച്ചതെന്നും ടി വസ്തു പതിച്ചു നൽകുന്നതിൽ പാല മുൻസിപ്പാലിറ്റിക്ക് .എതിർപ്പില്ലെന്ന് സ്റ്റാൻഡിംഗ് കൗൺസൽ അറിയിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടി 14.08.2020 ലെ GO (Ms) No. 199/2020/RD ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി.

8) ഈ സാഹചര്യത്തിൽ ഈ വിഷയത്തിലുള്ള തുടർനടപടികൾ സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു. നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ കണ്ടാലും.

*"സർക്കാർ ഫയൽ ചെയ്ത ആർ.പി ന.1144 of2019 നമ്പർ റിവ്യൂ പെറ്റീഷനിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പുനഃപരിശോധിക്കാൻ സർക്കാരിന് അധികാരമുണ്ടെന്ന് നിരീക്ഷിച്ചിരുന്നെങ്കിലും 33335/2018 നമ്പർ കേസിൽ 18/03/2019 ൽ പുറപ്പെടുവിച്ച വിധിന്യായം പുന:പരിശോധിക്കണമെന്ന വാദം കോടതി നിരസിക്കുകയാണുണ്ടായത് . 33335/2018 നമ്പർ കേസിൽ 18/03/2019 ൽ ബഹു കോടതി പുറപ്പെടുവിച്ച ഉത്തരവിൽ മുൻസിപ്പൽ അധികാരികളിൽ നിന്നും നിരാക്ഷേപ പത്രം ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതില്ലയെന്നും രണ്ടു മാസത്തിനകം കക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ഉത്തരവ് നിലനിൽക്കുന്നതിനാലും , 15.09.15 ലെ സ.ഉ (കൈ) നം.452/15/റവന്യൂ നമ്പർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് 14.08.2020 ലെ GO (Ms) No. 199/2020/റവന്യൂ നമ്പർ ഉത്തരവ് പുറപ്പെടുവിച്ച സർക്കാർ നടപടി ബഹു കോടതി റദ്ദാക്കി ഉത്തരവായിട്ടുള്ളതിനാലും ടി കോടതി ഉത്തരവിനെതിരെ അപ്പീലുകൾ നിലവിലില്ലാത്ത സാഹചര്യത്തിലും പാലാ സെന്റ് തോമസ് കോളേജ് മാനേജരുടെ പേരിൽ*

*അപേക്ഷയ്ക്കാസ്പദമായ ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു".*

9) 15.09.15 ലെ സ.ഉ (കൈ) നം.452/15/റവ നം.സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച ഭൂമി പോക്കുവരവ് ചെയ്ത് നൽകുന്നതിൽ കാലതാമസം വരുത്തിയതിനെതിരായി ഫയൽ ചെയ്ത 33335/2018 നമ്പർ കേസിൽ 18/03/2019 ൽ ബഹു. കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ രണ്ട് മാസത്തിനകം കക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ഉത്തരവ് നിലനിൽക്കുന്നതിനാലും, 15.09.15 ലെ സ.ഉ (കൈ) നം.452/15/റവന്യൂ നമ്പർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുറപ്പെടുവിച്ച 14.08.2020 ലെ GO (Ms) No. 199/2020/റവ നമ്പർ ഉത്തരവ് ബഹു. കോടതി റദ്ദാക്കിയതിനാലും പാലാ സെന്റ് തോമസ് കോളേജ് മാനേജരുടെ പേരിൽ അപേക്ഷയ്ക്കാസ്പദമായ ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നാണ് നിയമവകുപ്പ് അറിയിച്ചത്.

10) തുടർന്ന്, സർക്കാർ ഭൂമി പതിച്ച് ലഭിക്കുക എന്നത് ഭരണഘടനാപരമായോ മറ്റ് ഭൂനിയമപ്രകാരമോ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ അവകാശമല്ല മറിച്ച് പൊതു താൽപര്യത്തിന്റെയോ, യോഗ്യതയുടെയോ അടിസ്ഥാനത്തിൽ പതിച്ച് കൊടുക്കുക എന്നത് സർക്കാരിൽ നിക്ഷിപ്തമായതും നയപരമായ തീരുമാനപ്രകാരവുമാണെന്നത് കണക്കിലെടുത്തും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭൂമി പതിച്ച് നൽകുന്നതിനെതിരെ Jagpal Singh&others Vs State of Punjab&others കേസിൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച പരാമർശങ്ങളുടെ അടിസ്ഥാനത്തിലും, കേരളാ മുൻസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 207 പ്രകാരം വഴി പുറമ്പോക്ക് വ്യക്തികൾക്കോ സ്ഥാപനത്തിനോ പതിച്ച് നൽകുന്നതിനായി പുനർ നിക്ഷിപ്തമാക്കാൻ സാധ്യമല്ല എന്നതിനാലും ഈ വിഷയത്തിൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും WA516/2023 നമ്പറായി അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതായി അഡ്വക്കറ്റ് ജനറൽ ഓഫീസിൽ നിന്നും അറിയിക്കുകയുംചെയ്തു.

11) എന്നാൽ പിന്നീട് ഈ വിഷയത്തിൽ അഡ്വക്കറ്റ് ജനറൽ ഓഫീസിലെ സീനിയർ ഗവ.പ്ലീഡറുടെ കത്ത് സർക്കാരിൽ ലഭ്യമാകുകയുണ്ടായി. WA516/2023 നമ്പർ അപ്പീൽ പരിഗണിക്കുന്ന വേളയിൽ 22/02/2023 ൽ ബഹു.ഹൈക്കോടതി നടത്തിയ നിരീക്ഷണങ്ങളാണ് ഗവ.പ്ലീഡറുടെ കത്തിൽ പരാമർശിച്ചിരുന്നത്. ബഹു.സുപ്രീം കോടതിയുടെ Mohinder Singh Gill Vs Chief Election Commissioner കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 14.08.2020 ലെ GO (Ms) No. 199/2020/റവ. നം.സർക്കാർ ഉത്തരവിന്റെ സാധുത സംബന്ധിച്ച് ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിരീക്ഷണം നടത്തിയിട്ടുള്ളതായും മേൽ പരാമർശിച്ച ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 14.08.2020 ലെ GO (Ms) No. 199/2020/റവ. ഉത്തരവ് പിൻവലിക്കാൻ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിർദ്ദേശിച്ചതായുമാണ് ഗവ.പ്ലീഡർ കത്തിൽ വ്യക്തമാക്കിയിരുന്നത്. 14.08.2020 ലെ GO (Ms) No. 199/2020/റവ. ഉത്തരവ് പിൻവലിച്ച ശേഷം പെറ്റീഷണർക്ക് അവസരം നൽകി ഈ വിഷയം പുതിയതായി സർക്കാരിന്

പരിഗണിക്കാമെന്നും ഗവ.പ്ളീഡർ അറിയിച്ചിരുന്നു.

12) ഗവ.പ്ളീഡറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 14.08.2020 ലെ GO (Ms) No. 199/2020/റവ. ഉത്തരവ് റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവുകൾക്കായി ഫയൽ ചംക്രമണം ചെയ്തപ്പോൾ 14.08.2020 ലെ GO (Ms) No. 199/2020/റവ. ഉത്തരവ് മന്ത്രിസഭാ യോഗ തീരുമാനപ്രകാരമായതിനാൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുന്ന കാര്യം അടുത്ത മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നം.80 ൽ സർവ്വെ നം. 3/8 ൽ പ്പെട്ട 17.50 സെന്റ് സർക്കാർ ഇടവഴി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാലാ സെന്റ് തോമസ് കോളേജിന് ഇന്റഗ്രേറ്റഡ് സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി സെന്റ് തോമസ് കോളേജ് മാനേജർ പേരിൽ സൗജന്യമായി പതിച്ച് നല്കുന്നതിന് ജില്ല കളക്ടർക്ക് അനുമതി നല്കി കൊണ്ട് പുറപ്പെടുവിച്ച 15.09.15 ലെ സ.ഉ (കൈ) നം.452/15/റവന്യൂ നം. ഉത്തരവ് നടപടിക്രമങ്ങൾ പാലിക്കാതെയാണ് പുറപ്പെടുവിച്ചത് എന്ന കാരണത്താൽ റദ്ദു ചെയ്തുകൊണ്ട് മന്ത്രിസഭയുടെ അനുമതിയോടെ പുറപ്പെടുവിച്ച 14.08.2020 ലെ GO (Ms) No. 199/2020/RD നം. ഉത്തരവ് 516/2023 നമ്പർ റിട്ട് അപ്പീലിലെ ബഹു.ഹൈക്കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്യാമോ?

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നം .80ൽ സർവ്വെ നം. 3/8 പ്പെട്ട 17.5സെന്റ് സ്ഥലം ഇന്റഗ്രേറ്റഡ് സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി പാലാ സെന്റ് തോമസ് കോളേജിന് അനുമതി നൽകി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എ) വകുപ്പ്

**സ.ഉ.(കൈ) നം.199/2020/റവ.** തീയതി, തിരുവനന്തപുരം, 14/08/2020

പരാമർശം:- 1. 15/09/2015 ലെ സ.ഉ (കൈ) നം.452/15/റവന്യൂ നമ്പർ ഉത്തരവ്

2. ഡബ്ല്യൂപി(സി) 33335/2018 നമ്പർ കേസിന്റെ 18/03/2019 ലെ വിധിന്യായം

3. കോട്ടയം ജില്ലാ കളക്ടറുടെ 30/05/2019 ലെ എൽ2/9409/15 നം. കത്ത്

4. ആർ.പി. 1144/2019 ന്റെ 10/03/2020 ലെ വിധിന്യായം.

<u>ഉത്തരവ്</u>

മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നം.80ൽ സർവ്വെ നം. 3/8 ൽ പ്പെട്ടതും പാലാ നഗരസഭയിൽ നിക്ഷിപ്തമായതുമായ 17.5 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കി പാലാ സെന്റ് തോമസ് കോളേജിന് ഇന്റഗ്രേറ്റഡ് സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി സെന്റ് തോമസ് കോളേജ് മാനേജരുടെ പേരിൽ സൗജന്യമായി പതിച്ച് നല്കുന്നതിന് പരാമർശം (1) പ്രകാരം ജില്ല കളക്ടർക്ക് അനുമതി നല്കി ഉത്തരവായിരുന്നു.

2. എന്നാൽ ഭൂമി പുനർനിക്ഷിപ്തമാക്കി പതിച്ച് നൽകുന്നതിന് നഗരസഭാധികൃതർ നിരാക്ഷേപ പത്രം സമർപ്പിച്ചില്ലാത്തതിനാൽ ടി ഭൂമി കോളേജിന് പതിച്ച് നൽകിയിട്ടില്ലായിരുന്നു. പരാമർശം (1) സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ കാലതാമസം നേരിട്ട സാഹചര്യത്തിൽ പാലാ സെന്റ് തോമസ് കോളേജധികൃതർ ബഹു.ഹൈക്കോടതി മുമ്പാകെ 33335/2018 നമ്പർ കേസ് ഫയൽ ചെയ്യുകയും, പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ മുൻസിപ്പൽ അധികൃതരിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതില്ലായെന്നും, 2 മാസത്തിനകം കക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

3. ബഹു.ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് ഈ വിഷയത്തിൻമേൽ സ്പഷ്ടീകരണം ലഭ്യമാക്കുവാൻ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, പരാമർശം (1) ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ 15.09.2015ലെ സർക്കാർ ഉത്തരവ് പുന:പരിശോധിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ടി വിവരം ബഹു.കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ്



Generated from eOffice by [illegible] ASO (M) REV, RD on [illegible] PM

ജനറലിനോടും, റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർക്കും നിർദ്ദേശം നല്കിയിരുന്നു.

4.. തുടർന്ന് ആർ.പി നം.1144 of 2019 ആയി സർക്കാർ ഫയൽ ചെയ്ത റിവ്യു പെറ്റീഷനിൽ ബഹു.ഹൈക്കോടതി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ, ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2)ലെ വിധിന്യായത്തിൽ അപാകത കാണുന്നില്ലായെന്നും, പരാമർശം (1) സർക്കാർ ഉത്തരവ് പുന:പരിശോധിക്കുവാൻ കോടതിയുടെ അനുമതി ആവശ്യമില്ലായെന്നും, എന്നാൽ ടി വിവരം ബഹു.കോടതിയെ അറിയിച്ച ശേഷം പുന:പരിശോധിക്കാവുന്നതാണെന്നുംനിർദ്ദേശിച്ചിരുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 1995 ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ ചട്ടം 21(ii) പ്രകാരം ഭൂമി പതിച്ച് നല്കുവാൻ സർക്കാരിന് പ്രത്യേക അധികാരമുണ്ടെങ്കിലും, എല്ലാ നടപടി ക്രമങ്ങളും പാലിച്ച് മാത്രമെ ഭൂമി പതിച്ച് നല്കുവാൻ പാടുള്ളു. പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1) സർക്കാർ ഉത്തരവ് നടപടിക്രമങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ആയത് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, കോട്ടയം
3. മാനേജർ, പാലാ സെന്റ് തോമസ് കോളേജ്, പാലാ, കോട്ടയം
4. അഡ്വക്കേറ്റ് ജനറൽ, ഹൈക്കോടതി, എറണാകുളം
5. പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം. 4160 തീയതി 12/08/2020)
6. നിയമ വകുപ്പ് ( 14795/സ്യൂട്ട് 1(2) /19 /നിയമ തീയതി 08/08/2019)
7. ധനകാര്യ വകുപ്പ് ( എക്സ്. എ2/183/2020/ധന തീയതി 29/07/2020)
8. വിവര പൊതുജന സമ്പർക്ക (വെബ് ന്യൂ മീഡിയ) (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by PREMCHAND C P
Date: 2020.08.17 10:54:17 IST
Reason: Approved
സെക്ഷൻ ഓഫീസർ



Generated from eOffice by ... on ... PM